## കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# ഹദീസ്, സുന്നത്ത്, ഖബർ

**ഇസ്‌ലാമിക** ശരീഅത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു ഹദീസ് അഥവാ സുന്നത്ത്.

ഖുർആൻ മാനവരാശിക്കായി അല്ലാഹു അവതരിപ്പിച്ച സന്ദേശ സമുച്ചയമാണ്. ഹദീസ്, ഖുർആന്റെ ആധികാരിക വ്യാഖ്യാതാവും കർമമാതൃകയുമായ പ്രവാചകന്റെ അധ്യാപന സമാഹാരവുമാണ്. തിരുദൂതരുടെ പരിശുദ്ധ ജീവിതവുമായി ബന്ധപ്പെട്ടുണ്ടായ സവിശേഷ വിജ്ഞാന ശാഖയാണ് ഹദീസ്.

പ്രവാചകനും അനുയായികളും പരസ്പരം അടുത്തിടപഴകിയാണ് കഴിഞ്ഞിരുന്നത്. പള്ളിയിലും അങ്ങാടിയിലും യാത്രയിലും മറ്റും അനുയായികളിൽ ആരെങ്കിലും നബി(സ)യോടൊപ്പം ഉണ്ടാകും. അവർ പ്രവാചക ജീവിതം സൂക്ഷ്മമായ പഠനനിരീക്ഷണത്തിന് വിധേയമാക്കിയിരുന്നു. അതിനാൽ, നബിയുടെ കർമങ്ങളും വചനങ്ങളും സാകൂതം ശ്രദ്ധിക്കുകയും പഠിക്കുകയും ഹൃദയത്തിൽ കൃത്യമായി സൂക്ഷിക്കുകയും ജനസമക്ഷം ഉദ്ധരിക്കുകയും ചെയ്തിരുന്നു അവർ.

'ഹദീസ്' എന്ന ഇസ്‌ലാമിലെ ബൃഹത്തായ വൈജ്ഞാനിക ശാഖ ഉടലെടുക്കുന്നത് ഈ രീതിയിലാണ്.

### നിർവചനം

സാങ്കേതികാർഥത്തിൽ നബിയുടെ വാക്കും പ്രവൃത്തിയും സമ്മതവും, പ്രവാചകനെക്കുറിച്ച വിശേഷണം, വർണന, സച്ചരിതം(സീറഃ) എന്നിവയുമാണ് ഹദീസ്.

**വാക്കുകൾ** (أقوال) : നബിയുടെ പ്രസ്താവങ്ങൾ, ആജ്ഞകൾ, നിരോധങ്ങൾ, ഉപദേശ നിർദേശങ്ങൾ, പ്രസംഗം, സംസാരം, പ്രോത്സാഹനങ്ങൾ, സംഭവവിവരണങ്ങൾ, ഖുർആൻ സൂക്തങ്ങളുടെ വിശദീകരണങ്ങൾ, മുന്നറിയിപ്പുകൾ, പ്രവചനങ്ങൾ തുടങ്ങി നബി(സ) പറഞ്ഞ കാര്യങ്ങളാണ് വാച്യമായ ഹദീസ്. ഉദാഹരണം: "ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചുമടങ്ങുക. അവനോട് പാപമോചനം തേടുക. ഞാൻ ദിവസവും 100 തവണ പശ്ചാത്തപിക്കാറുണ്ട്."

**പ്രവൃത്തികൾ** (أفعال): അനുഷ്ഠാനമുറകൾ, പരസ്പര ബന്ധങ്ങൾ, സാമ്പത്തികവും മറ്റുമായ ഇടപാടുകൾ, ശിക്ഷാവിധികൾ, രാഷ്ട്രീയനടപടികൾ, യുദ്ധം, സന്ധി, സൈനികവിന്യാസം, സൃഷ്ടിസ്നേഹം, ജനസേവനം, പ്രബോധന പ്രവർത്തനങ്ങൾ, സംസ്കരണ കാര്യങ്ങൾ, വിവാഹം,



കുടുംബ ബന്ധങ്ങൾ തുടങ്ങി പ്രവാചകജീവിതത്തിലെ മുഴുവൻ കർമങ്ങളും. ഇത്തരം കാര്യങ്ങളിൽ തിരുമേനിയുടെ സമീപന രീതികൾ സ്വഹാബത്ത് വിശദമായി വിവരിച്ചിട്ടുണ്ട്. നബി(സ) നിർബന്ധ നമസ്കാരങ്ങൾ അനുഷ്ഠിച്ചിരുന്ന സമയങ്ങളെക്കുറിച്ച് ജാബിറുബ്നു അബ്ദില്ല(റ)യിൽ നിന്നുള്ള നിവേദനം ഉദാഹരണം: "റസൂൽ(സ) നട്ടുച്ചക്ക് ളുഹ്റും, സൂര്യൻ അസ്തമിച്ചാൽ മഗ്‌രിബും നമസ്കരിച്ചിരുന്നു. ഇശാഅ് ചിലപ്പോൾ പിന്തിക്കും. മറ്റു ചിലപ്പോൾ ആദ്യസമയത്ത് തന്നെ നിർവഹിക്കും. എല്ലാവരും എത്തിച്ചേർന്നാൽ രാവിന്റെ ആദ്യസമയത്തും അല്ലാത്ത പക്ഷം വൈകിയും നിർവഹിക്കും.

നബി(സ) സുബ്ഹ് നമസ്കരിക്കുമ്പോൾ ഇരുട്ട് തന്നെയായിരിക്കും.”

**സമ്മതം (تقرير)**: പ്രവാചകസന്നിധിയിലോ അദ്ദേഹത്തിന്റെ അഭാവത്തിലോ അനുയായികളിലാരെങ്കിലും ചെയ്ത ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് തിരുമേനി വിസമ്മതമൊന്നും പ്രകടിപ്പിക്കാതെ മൗനംദീക്ഷിക്കുകയോ, സമ്മതമോ സംതൃപ്തിയോ പ്രകടിപ്പിക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നതാണ് സ്ഥിരീകരണം (تقرير) കൊണ്ടുദ്ദേശിക്കുന്നത്.

ഉദാഹരണങ്ങൾ:

‘പ്രവാചകനും അനുചരരും ഭക്ഷണംകഴിക്കവെ ഉടുമ്പുമാംസം വിളമ്പിയപ്പോൾ തിരുമേനി അത് ഭക്ഷിക്കാതിരിക്കുകയും ഖാലിദുബ്നുൽ വലീദ് ഉൾപ്പെടെയുള്ളവർ തിന്നുകയും ചെയ്തു.’

**വിശേഷണം/വർണനന:** തിരുദൂതരുടെ സ്വഭാവമഹിമയെയും ശരീരപ്രകൃതിയെയും കുറിച്ച വർണനകൾ ഹദീസിൽ ഇടംപിടിച്ചിട്ടുണ്ട്. ആഇശ(റ) പറയുന്നു: “തിരുമേനിയുടെ സ്വഭാവം ഖുർആൻ തന്നെയായിരുന്നു.”


ആദ്യപത്നി ഖദീജ(റ) നബിയുടെ സാന്നിധ്യത്തിൽതന്നെ അദ്ദേഹത്തെ വിശേഷിപ്പിച്ചു: “അങ്ങ് രക്തബന്ധം ചാർത്തുന്ന വ്യക്തിത്വം, അശരണന്റെ അത്താണി, വകയില്ലാത്തവർക്ക് സഹായി, അതിഥികൾക്ക് അത്യുത്തമ ആതിഥേയൻ, ധർമപരിപാലകൻ.”

അനസ്(റ): “റസൂൽ(സ) ജനങ്ങളിൽവെച്ച് ഏറ്റവും ഉൽകൃഷ്ട സ്വഭാവിയായിരുന്നു. തിരുദൂതരുടെ കരങ്ങളേക്കാൾ മാർദവമുള്ള പട്ടോ, പട്ട് ചേർത്ത് നെയ്ത വസ്ത്രമോ ഞാൻ തൊട്ടിട്ടില്ല. നബിയുടെ മണത്തേക്കാൾ ഉത്തമമായ മറ്റൊരു സുഗന്ധവും ഞാൻ വാസനിച്ചിട്ടില്ല. പത്ത് വർഷത്തോളം ദൈവദൂതർക്ക് ഞാൻ സേവനം ചെയ്തിട്ടുണ്ട്. ഈ കാലത്തിനിടയിൽ ഒരിക്കൽപോലും നബി(സ) എന്നോട് ‘ഛെ’ എന്ന് പറഞ്ഞിട്ടില്ല. ഞാൻ ചെയ്ത ഏതെങ്കിലും കാര്യത്തെക്കുറിച്ച് എന്തിന് ചെയ്തെന്നോ, ചെയ്യാത്തതിനെക്കുറിച്ച് അത് ചെയ്യാമായിരുന്നില്ലേ എന്നോ പറയുകയുണ്ടായില്ല.”

കഅ്ബുബ്നു മാലിക്: “നബി സന്തുഷ്ടനായാൽ മുഖ പ്രസന്നനായിരിക്കും; ചന്ദ്രനെപ്പോലെ.”

നാലാം ഖലീഫഃ അലി(റ): “ചുവപ്പ് കലർന്ന വെളുപ്പ് നിറമായിരുന്നു ദൈവദൂതന്റേത്. കണ്ണുകളിലെ കൃഷ്ണമണികൾക്ക് നല്ല കറുപ്പ്. സമൃദ്ധ കേശം, തിങ്ങിയ താടി, പരന്ന മുഖം, കാലുകൾ ഉയരത്തുനിന്ന് എടുത്തുവെച്ചുകൊണ്ടുള്ള നടത്തം, ഒത്ത വലിപ്പം, ശരീരം നീളംകൂടിയതുമല്ല, കുറിയതുമല്ല. അശക്തനല്ല. ആക്ഷേപകനുമല്ല. തിരുമേനിയെപ്പോലെ മറ്റാരെയും ഞാൻ കണ്ടിട്ടില്ല; മുമ്പും പിമ്പും.”

**പ്രവാചകന്റെ ജീവിതം, അനുയായികളുടെ സഹകരണം, മക്കയിലെയും മദീനയിലെയും വ്യത്യസ്താനുഭവങ്ങൾ, ചുറ്റുപാടുകൾ, സംഭവങ്ങൾ, യാത്രകൾ, യുദ്ധങ്ങളിലെ നടപടിക്രമങ്ങൾ, ഉടമ്പടികൾ, ധീരകൃത്യങ്ങൾ, ഇസ്റാഅ്-മിഅ്റാജ്, ഹജ്ജതുൽ വിദാഅ്, ഖുലഫാഉർറാശിദുകളുടെ ഭരണകാലം, തിരുദൂതരുടെ കുടുംബജീവിതം, രോഗം, മരണം, മരണാനന്തര ക്രിയകൾ, ഇസ്ലാമിന്റെ വിശേഷങ്ങൾ തുടങ്ങി എല്ലാമെല്ലാം സീറഃയിൽ വിശദമായി വരുന്നു. ഹദീസ് ഗ്രന്ഥങ്ങളിലേതിനെക്കാൾ സീറാകൃതികളിലായിരിക്കും ഇതുപോലുള്ള വിഷയങ്ങൾ വിശദീകരിച്ചിരിക്കുക.**



പ്രവാചകന്റെ ജീവിതവും ഹദീസ് വിജ്ഞാനശാഖയുടെ സുരക്ഷിതത്വവും, മുസ്ലിംകൾ അതിന് നൽകിയ സ്വീകാര്യതയുമെല്ലാം ചരിത്രത്തിന്റെ തങ്കലിപികളിൽ രേഖപ്പെട്ടുകിടക്കുന്നു.

## സീറഃ (سيرة)

ഹദീസിന്റെ ഇനങ്ങളിൽപെട്ടതാണ് സീറഃ (سيرة). തിരുദൂതരുടെയും സ്വഹാബിമാരുടെയും വാക്കുകളും പ്രവൃത്തികളും സമ്മതങ്ങളുമാണ് ഹദീസിന്റെ മുഖമുദ്രയെങ്കിൽ അവയത്രയും പ്രശംസനീയമാംവിധം പ്രയോഗവൽക്കരിക്കപ്പെട്ട ഇസ്ലാമിന്റെ സുവർണകാലഘട്ടത്തിലെ ചരിത്രത്തിന് സവിശേഷതകൾക്കും സീറഃ എന്നു പറയാം.

പ്രവാചകന്റെ ജീവിതം, അനുയായികളുടെ സഹകരണം, മക്കയിലെയും മദീനയിലെയും വ്യത്യസ്താനുഭവങ്ങൾ, ചുറ്റുപാടുകൾ, സംഭവങ്ങൾ, യാത്രകൾ, യുദ്ധങ്ങളിലെ നടപടിക്രമങ്ങൾ, ഉടമ്പടികൾ, ധീരകൃത്യങ്ങൾ, ഇസ്രാഅ്-മിഅ്റാജ്, ഹജ്ജതുൽ വിദാഅ്, ഖുലഫാഉർറാശിദുകളുടെ ഭരണകാലം, തിരുദൂതരുടെ കുടുംബജീവിതം, രോഗം, മരണം, മരണാനന്തര ക്രിയകൾ തുടങ്ങി എല്ലാമെല്ലാം സീറഃയിൽ വിശദമായി വരുന്നു. ഹദീസ് ഗ്രന്ഥങ്ങളിലേതിനെക്കാൾ സീറാകൃതികളിലായിരിക്കും ഇതുപോലുള്ള വിഷയങ്ങൾ വിശദീകരിച്ചിരിക്കുക.

ഹദീസ് പണ്ഡിതന്മാർ കർമശാസ്ത്രാവതരണ രീതിയിൽ വിഷയങ്ങൾക്ക് ക്രമം നൽകുകയാണുണ്ടായത്. അതിനാൽ തെളിവിനും പ്രമാണത്തിനും അനിവാര്യമായ വിഷയങ്ങളായിരിക്കും മിക്ക ഹദീസ് ഗ്രന്ഥങ്ങളിലും പരാമർശിച്ചിരിക്കുക. വിശ്വാസ കാര്യങ്ങൾ, അനുഷ്ഠാന മുറകൾ, നടപടിക്രമങ്ങൾ, സംസ്കരണ പാഠങ്ങൾ പോലെയുള്ളവ. എന്നാൽ സീറാഗ്രന്ഥകാരന്മാർ സംഭവങ്ങൾ ആദ്യാവസാനം അനാവരണംചെയ്യുന്ന ചരിത്രകഥന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

## സുന്നത്ത് (سنّة)

ഹദീസിന്റെ മറ്റൊരു പേരാണ്

സുന്നത്ത് (سنّة). പ്രവാചകന്റെ വാക്കുംപ്രവൃത്തിയും സമ്മതവും വിശേഷണങ്ങളും ഉൾപ്പെടുന്ന ഹദീസിന്റെ നിർവചനം തന്നെയാണ് പണ്ഡിതന്മാർ സുന്നത്തിനും നൽകിയിട്ടുള്ളത്. ഇവ രണ്ടും പര്യായപദങ്ങളാണ് എന്നു പറയാം. നബി(സ) ഒരിക്കൽ മാത്രം ചെയ്യുകയോ പറയുകയോ, നബിയിൽനിന്ന് ഒരു നിവേദകൻ മാത്രം ഉദ്ധരിക്കുകയോ ചെയ്ത കാര്യങ്ങളും ഹദീസാണ്. എന്നാൽ, ഖുർആൻ സൂക്തങ്ങളിൽനിന്നും ഹദീസുകളിൽനിന്നും നിർണിത വിഷയങ്ങളിൽ തെളിവുകൾക്കാധാരമായി പ്രത്യേകം സമാഹരിക്കപ്പെട്ടതാണ് സുന്നത്ത്. ഇസ്‌ലാമിക സമൂഹം തലമുറകളായി തുടർന്നു വന്നതും ഇനിയും തുടരേണ്ടതുമായ നടപടിക്രമം എന്ന് പറയാം. ഉദാഹരണമായി പ്രവാചകൻ(സ) അഞ്ച് സമയത്തെ നമസ്കാരങ്ങൾ വ്യവസ്ഥാപിതമായി അനുഷ്ഠിക്കുകയും സ്വഹാബത്തും പിൽക്കാലാനുയായികളും അത് പിന്തുടരുകയും ചെയ്തു. ഇനിയും അത് തുടരണം. ഈ സമ്പ്രദായത്തിന് നബി(സ)യുടെ ഹദീസ് എന്നല്ല, സുന്നത്ത് എന്നാണ് പറയുക. നബിയുടെ സുന്നത്ത് എന്നാൽ നബി നടപ്പിൽ വരുത്തിയ സമ്പ്രദായം; അതായത് നബിചര്യ.

ഖുർആന്റെ ശേഷം സുന്നത്തിലേക്കുള്ള വഴിവിളക്കുകളാകുന്നു ഇവിടെ ഹദീസുകൾ. ഈ ആശയ പ്രകാരം ഖുർആനും ഹദീസും എന്നും, ഖുർആനും സുന്നത്തും എന്നും പറഞ്ഞാൽ ഉദ്ദേശ്യം ഒന്നുതന്നെ. ഖുർആന്റെ വിവരണമാണ് സുന്നത്ത്. ഖുർആനിൽ പരാമർശിച്ച 'സ്വിറാത്വുൽ മുസ്തഖീമും', 'ഉസ്‌വത്തുൻ ഹസനഃ', 'അസ്സബീൽ' തുടങ്ങിയവയാണ് സുന്നത്ത്. 'വഴി' എന്ന സുന്നത്തിന്റെ ഭാഷാർഥത്തെ അന്വർഥമാക്കുകയാണ് ഈ പദങ്ങൾ. നബി(സ)യും സ്വഹാബത്തും മുഅ്മിനുകളും പിന്നിട്ട വഴികളൊക്കെ സുന്നത്തിൽ പെട്ടതാണ്. നബി(സ)യുടെ മാർഗം, ഇസ്‌ലാമിന്റെ വഴി എന്നൊക്കെ സുന്നത്തിനെ പരിചയപ്പെടുത്താം.

ഒരാൾ ഒരുകാര്യം തുടങ്ങിവെക്കുകയും അയാളുടെ ജീവിത കാലത്തും മരണാനന്തരവും മറ്റുള്ളവർ അത് പിന്തുടരുകയും ചെയ്താൽ തുടങ്ങിവെച്ചയാളുടെ ചര്യ(സുന്നത്ത്) എന്നാണ് അതിന് പറയുക. നബി(സ) പറഞ്ഞു:

"ആരെങ്കിലും ഒരു നല്ല ചര്യ(സുന്നത്തുൻ ഹസനഃ) തുടങ്ങി വെച്ചാൽ അയാൾക്ക് അതിന്റെ പ്രതിഫലവും, അതനുകരിച്ച് അന്ത്യനാൾ വരെ പ്രവർത്തിച്ചവർക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾക്ക് തുല്യമായ പ്രതിഫലവും ലഭിക്കും. ആരെങ്കിലും തെറ്റായ ഒരു ചര്യ(സുന്നത്തുൻ സയ്യിഅഃ) തുടങ്ങിവെച്ചാൽ അയാൾക്ക് അതിന്റെ ശിക്ഷയും, അതനുകരിച്ച് അന്ത്യനാൾ വരെ പ്രവർത്തിച്ചവർക്കു ലഭിക്കുന്ന ശിക്ഷകളുടേത് പോലുള്ള ശിക്ഷയും ലഭിക്കും." മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: "നിശ്ചയം, നിങ്ങൾ നിങ്ങളുടെ മുൻഗാമികളുടെ ചര്യകൾ(സുനൻ) പിന്തുടരും. ചാണിന് ചാണായും മുഴത്തിന് മുഴമായും." ഇപ്പറഞ്ഞ സുന്നത്തിന് ഹദീസ് എന്നു പറയുകയില്ല.

ഖുർആന്റെയും ഹദീസിന്റെയും താൽപര്യങ്ങളായ അനുബന്ധങ്ങളും സുന്നത്ത് തന്നെയായിരിക്കും. ഖുർആന്റെ–മുസ്ഹഫിന്റെ– ക്രോഡീകരണവും ബന്ധപ്പെട്ട കാര്യങ്ങളും സ്വഹാബത്തിന്റെ ഇജ്തിഹാദിന്റെ ഫലമായിരുന്നു. ഇവിടെ സുന്നത്ത്, ശരീഅത്താവുകയാണ്. അതിനാൽ സുന്നത്തിന് ഇസ്‌ലാം എന്നു പറയാം. സുന്നത്തിലുണ്ട് എന്നുപറഞ്ഞാൽ ഇസ്‌ലാമിലുണ്ട് എന്ന് വിവക്ഷ. പ്രവാചകന്റെ സുന്നത്ത് പോലെതന്നെ സച്ചരിതരായ ഖലീഫമാരുടെ സുന്നത്തും മുറുകെപിടിക്കാൻ നബി തിരുമേനി കൽപിച്ചിട്ടുണ്ട്.

ഹദീസ് പണ്ഡിതന്മാരുടെ കാഴ്ചപ്പാടിലുള്ള സുന്നത്തിനെപ്പറ്റിയാണ് ഇതുവരെ വിവരിച്ചത്. കർമശാസ്ത്ര പണ്ഡിതൻമാരുടെ കാഴ്ചപ്പാട് മറ്റൊന്നാണ്. അവർ ഇസ്‌ലാമിലെ അനുവദനീയവും നിഷിദ്ധവും നിർബന്ധവും ഐഛികവും അഹിതകരവുമായ കർമങ്ങളും അവയുടെ നിലപാടും വിശകലനം ചെയ്യുകയാണുണ്ടായത്. അവരുടെ വീക്ഷണത്തിൽ ഇസ്‌ലാമിൽ അനുഷ്ഠിക്കൽ നിർബന്ധമില്ലാത്ത കർമങ്ങളാണ് സുന്നത്ത്. അഥവാ, അനുഷ്ഠിച്ചാൽ പ്രതിഫലമുള്ളതും അനുഷ്ഠിക്കാതിരുന്നാൽ കുറ്റമില്ലാത്തതും സുന്നത്താകുന്നു.

### ഖബർ (خبر)

'ഹദീസി'ന്റെ പര്യായപദങ്ങളിലൊന്നാണ് 'ഖബർ'(خبر). വാർത്ത എന്നർഥം. ഖബറിനെക്കുറിച്ച് സാങ്കേതികമായി മൂന്നു വീക്ഷണങ്ങളുണ്ട്: 1. ഹദീസിന്റെ പര്യായം തന്നെയാണ് ഖബർ. അതിനാൽ ഹദീസും ഖബറും അർഥത്തിലും ആശയത്തിലും ഒന്നുതന്നെ. 2. ഹദീസ് നബി(സ)യിൽനിന്നും ഖബർ മറ്റുള്ളവരിൽനിന്നും വന്നതാണ്. 3. ഹദീസ് നബി(സ)യിൽനിന്നും ഖബർ നബിയിൽനിന്നും അല്ലാത്തവരിൽനിന്നും വന്നതാണ്.

രാജാക്കന്മാരെയും സുൽത്താന്മാരെയും കുറിച്ചുള്ള വാർത്തകൾ, കഴിഞ്ഞകാല സംഭവങ്ങൾ എന്നിവയുടെ വിവരണമായും 'ഖബർ' നിർവചിക്കപ്പെട്ടിട്ടുണ്ട്. ഈയടിസ്ഥാനത്തിൽ ഹദീസ്-സുന്നത്ത് പണ്ഡിതന് 'മുഹദ്ദിസ്' എന്നും, ചരിത്രപണ്ഡിതന് 'ഇഖ്ബാരി' എന്നും പറയപ്പെടുന്നു.

### അസറ് (أثر)

ഹദീസിന്റെ മറ്റൊരു പര്യായപദമാണ് അസറ്. ഒരു വസ്തുവിന്റെ അവശിഷ്ടവും അടയാളവുമാണ് ഭാഷാപരമായി അസറ് (أثر). സാങ്കേതിക വിവക്ഷയെക്കുറിച്ച് രണ്ടഭിപ്രായങ്ങളുണ്ട്: 1. 'ഹദീസ്' തന്നെയാകുന്നു 'അസറ്.' നബിതിരുമേനിയിൽനിന്ന് ഉദ്ധരിക്കപ്പെട്ട പ്രാർഥനകൾക്ക് *അൽ അദ്ഇയത്തുൽ മഅ്സൂറഃ* (الأدعية المأثورة) എന്നാണ് പറയുക. 2. സ്വഹാബിമാർ, താബിഉകൾ എന്നിവരിലേക്ക് ചേർത്ത് ഉദ്ധരിക്കപ്പെട്ട വാക്കുകളും പ്രവൃത്തികളും. നബി(സ)യിലേക്ക് ചേർത്തുപറയുന്ന കാര്യം പൂർണമായും ശരിയായിരിക്കണമെന്ന് മിക്ക സ്വഹാബിമാർക്ക് നിർബന്ധബുദ്ധിയുണ്ടായിരുന്നതിനാൽ സൂക്ഷ്മതക്കു വേണ്ടി പല വചനങ്ങളും നബി(സ)യിലേക്ക് ചേർക്കാതെ അവർ ഉദ്ധരിക്കാറുണ്ടായിരുന്നു.

ഹദീസ്, സുന്നത്ത്, ഖബർ, അസറ് എന്നിവ ഒരേ അർഥം കുറിക്കുന്ന പര്യായപദങ്ങളാണെന്ന് സാരം. ■